## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*235. 06.11.2019 ൽ മറുപടിയ്ക്ക്

### അനധികൃത മദ്യവിപണനവും ലഹരി വസ്തുക്കളുടെ വ്യാപനവും

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അനൂപ് ജേക്കബ് | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | അനധികൃത മദ്യവിപണനവും ലഹരി വസ്തുക്കളുടെ വ്യാപനവും ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ആവിഷ്കരിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ വിൽപ്പനയും വിതരണവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും, സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ്, തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. പുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങൾ എന്നിവയും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി ലഹരി വസ്തുക്കളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഓണാഘോഷ കാലത്ത് 'ഓപ്പറേഷൻ വിശുദ്ധി' എന്ന പദ്ധതിയും ഇപ്പോൾ 'ഓപ്പറേഷൻ സീറോ ടോളറൻസ്' എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഇതുമൂലം ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുന്നതിലൂടെ മാത്രമേ അതിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ ഓണക്കാലത്ത് ബിവറേജസ് കോർപ്പറേഷൻ റിക്കാർഡ് വില്പന നടത്തിയെന്ന റിപ്പോർട്ട് മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്നു എന്നതിന്റെ സൂചനയല്ലേ എന്ന് വ്യക്തമാക്കാമോ; | (ഡി) | 2019 വർഷത്തെ ഓണക്കാലത്തെ വിറ്റുവരവും 2018 വർഷത്തെ ഓണക്കാലത്തെ വിറ്റുവരവും താരതമ്യം ചെയ്യുമ്പോൾ ഈ വർഷം 5% വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. 2018 വർഷത്തെ ഓണക്കാലത്ത് സംസ്ഥാനത്ത് അപ്രതീക്ഷിതമായി പ്രളയം ഉണ്ടായതിനാൽ കെ.എസ്.ബി.സിയുടെ വിറ്റുവരവിൽ കുറവ് ഉണ്ടായിരുന്നു. ടി സാഹചര്യത്തിൽ ഈ രണ്ട് വർഷത്തെ വിറ്റുവരവ് തുകകൾ തമ്മിൽ താരതമ്യം ചെയ്ത് മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്നതായി വിലയിരുത്താൻ സാധിക്കില്ല |
| (ഇ) | ഈ സർക്കാർ അധികാരത്തിൽവന്നശേഷം ബ്രൂവറികളും കോമ്പൗണ്ടിംഗ്, ബ്ലെന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിച്ചത് എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു; വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്ത് വിൽപ്പന നടക്കുന്ന ബിയറിന്റെ 40%വും വിദേശ മദ്യത്തിന്റെ 7%വും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. ടി സാഹചര്യത്തിൽ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചാണ് പുതിയ ബ്രൂവറികളും വിദേശ മദ്യ ഉല്പാദന യൂണിറ്റുകളും ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയത്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായാണ് പുതിയ യൂണിറ്റുകൾ അനുവദിക്കുവാൻ തീരുമാനം കൈക്കൊണ്ടത്. |
| (എഫ്) | മദ്യ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനുമായി രൂപീകരിച്ച ഉന്നത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (എഫ്) | സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ